# ഒന്നാം തരം

# അക്കാദമിക

# മാസ്റ്റർ

# പ്ലാൻ

# 2025-26

# മലയാളം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധ തരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം. ഈ അധ്യായന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെടുത്തി കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ പദ്ധതികൾ വിലയിരുത്തലിന് സാധ്യത

ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കണം.

* എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ / കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

* എല്ലാ കുട്ടികളും സ്വന്തം ആശയം മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടി എന്ന് ഉറപ്പ് വരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപത്തിൽ ഏർപ്പെടൽ.

* ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

* പാഠരംഗ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

## ജൂൺ

## പ്രവർത്തനങ്ങൾ

* സചിത്ര നോട്ട് ബുക്ക്, സചിത്ര പുസ്തകം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.

* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം.

* ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.

* ആശയാത്മകമായി ചൊല്ലൽ കവിതകൾ ചൊല്ലൽ.

## ജൂലൈ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ

* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ

* വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ

* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

* ചെറിയ കഥകൾ കേൾക്കാൻ അവസരം നൽകുന്നു.

* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

# ഓഗസ്റ്റ്

* റീഡേഴ്സ് തിയേറ്റർ
* മധുരം മലയാളം
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു
* ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

# സെപ്റ്റംബർ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കാൻ അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു
* വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാവാക്കി മാറ്റുന്നു.

# ഒക്ടോബർ

* വായനോൽസവം സംഘടിപ്പിക്കുന്നു
* ആസ്വാദ്യകരമായ വായന സംഘടിപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം നൽകുന്നു.
* സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.

# നവംബർ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്ര വായന നടത്തുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

## ഡിസംബർ

(*) രചന ശേഷി പരിപോഷിപ്പിക്കൽ

(*) ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ എഴുതുന്നു.

(*) ലഘു കവിതകൾ എഴുതാൻ ശ്രമിക്കുന്നു.

(*) സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

(*) കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാനുള്ള ലഘു ശിൽപ്പശാല നടത്തുന്നു.

(*) കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിൽ എത്തിക്കുന്നു.

(*) സ്വന്തമായി രചനകൾ നടത്തി പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു


(*) ആശയ പൂർണ്ണതയോടെ തൻ സ്വയ രചനകൾ നടത്തുന്നു.

# ഫെബ്രുവരി

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആശയ പൂർണ്ണതയോടെ തൻമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടിപ്പിക്കുന്നു.

# മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ


English

# objectives and learning outcomes

* Respond to simple instructions in to the classroom.
* Describe orally about the picture and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action.

## June

* Introduce symbol words
* Provides picture cards.

## July

* Identify familiar words
* say familiar words
* Read familiar words
* write familiar words.

## August

* Enjoy songs and sings them with Rhythm and action

* Describes orally about pictures and about pictures and objects using adjectivies.

## September

* Read and write simple words and simple sentences

* Provides pictures cards and reading cards.

## October

* Introduce symbol picture descriptions

* make word chain, sentence chain

* make riddles.

* Text book activities.

# November

- (*) prepare reading cards
- (*) provide more opportunities to read right and speak english
- (*) write five english word daily

# December

- (*) Read and understand simple instructions in the class room
- (*) Encourage digital reading.

# January

- (*) Enjoy songs and sings them with Rhythm and action
- (*) make picture albums
- (*) collect pictures of animals and its young ones.

# February

- (*) Provide the opportunity to expre ss myself in the classroom

* English assembly once in a week

## March

* speaks english fluently
* Read and write simple sentences.
* picture reading and picture description.


ഗണിതം
1
2
3
4
5
6
7
8
9
10

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെ ഉള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.
* അഞ്ചു വരെ ഉള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ എഴുതുന്നു
* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
* ഒരക്ക സംഖ്യാ പാട്ടുകൾ രൂപീകരിക്കൽ

## ജ്ഞൂണർ

* സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജ്ഞൂണൈല

* ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ ഗണിത കിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

(*) ഒന്ന് മുതൽ 20 വരെ ഉള്ള സംഖ്യകൾ തിരിച്ചറിയുന്നു.

(*) കൂടുതൽ, കുറവ് തിരിച്ചറിയുന്നു

(*) ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

(*) സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

(*) ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ ചെയ്യൽ

(*) ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ ചെയ്യൽ

## ഒക്ടോബർ

(*) ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ

(*) വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

(*) ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതാൻ

* സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

## ജനുവരി

* ഒന്നു മുതൽ പത്ത് വരെ ഉള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

* ഗണിത അൽബം തയ്യാറാക്കൽ
* വില വിവര പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

# മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.

* ലളിതമായ ഗണിത ക്രിയയിൽ ഏർപ്പെടുന്നു.

* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

* സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025-2026

സ്കൂൾ: ജി എഫ് വി എച്ച് എസ് എസ് ചെറുവത്തൂർ
ക്ലാസ്: 2
ക്ലാസ് ടീച്ചറുടെ പേര്: ഷൈഹെബ് പി വി
ഉപജില്ല : ചെറുവത്തൂർ

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

## മുന്നൊരുക്കം

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ **CPTA** നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

🐥 രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ✨ജൂൺ✨

🐥 ചിത്രക്കാർഡുകൾ നൽകൽ ച(ിത്രവും പദവും ഉൾക്കൊണ്ട്)
🐥ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
.🐥 വായനാ സാമഗ്രികൾ നിർമിക്കൽ
🐥 വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ✨ ജൂലൈ✨

🐥 ഭാഷയുമായി ബന്ധപ്പെട്ട **ICT** സാധ്യത ഉറപ്പാക്കുന്നു.
🐥 ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

🐥 സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

🐥 ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
🐥 രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
🐥 വീട്ടു ലൈബ്രറി ഒരുക്കൽ
🐥 ചിത്രവിവരണം
🐥 വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🐥 വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
🐥 വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
🐥 വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
🐥 വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

🍡 കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
🍡 വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
ഉദാ:- ആന
വലിയ ആന
കറുത്ത വലിയ ആന

നവംബർ

🌾 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)
✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത്)
✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
🍁 ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ
🍁🍁🍁🍁🍁🍁🍁🍁🍁

'അക്കാദമിക

മാസ്റ്റർ പ്ലാൻ'

'മൂന്നാം തരം'

'2025-26'

വിഷയം : മലയാളം.

ക്ലാസ് : 3

മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ :-

ഉദ്ദേശ്യം :

* വിദ്യാർത്ഥികൾക്ക് ഭംഗിയായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്.

ജൂൺ മുതൽ മാർച്ച് വരെ.

ലക്ഷ്യങ്ങൾ :-

* ശബ്ദഭണ്ഡാരം വർദ്ധിപ്പിക്കൽ
* എഴുത്ത്, വായന, സംസാര ശേഷി വർദ്ധിപ്പിക്കൽ.

ജൂൺ & ജൂലായ്

* Pre-test
* നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.

## പ്രവർത്തനങ്ങൾ :

* ഭാഷാനൈപുണികൾ, ഇംഗ്ലീഷ് സൗണ്ട്സ്
* ഭാവാത്മക വായന
* കഥ പറയൽ
* അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ.
* ICT ഉപയോഗിച്ച് കഥകളും പാട്ടു കേൾക്കൽ

## സംസാരശേഷി :

* ചിത്രവായന
* കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, കു അവതരണം.
* അനുഭവ വിവരണം.
* ചിത്രത്തെ കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക.
* ചിത്ര വിവരണം.

## ഗോൾസ് & [illegible].

ലക്ഷ്യം : സ്വതന്ത്രമായ ഉച്ചാരണവും സംസാരവ്യക്തത വിദ്യാർത്ഥികളിൽ വികസിപ്പി

വായനാക്കളരി:

* കഥാപുസ്തകങ്ങൾ വായിക്കുക.
* വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.
* പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.

എഴുത്ത്:

* വാക്കുകളുടെ വെബ് നിർമ്മിക്കുക.
* ചിത്ര വിവരണം.
* വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക
* ചോദ്യങ്ങൾ നിർമ്മിക്കുക, ചോദ്യോത്തര പയറ്റ്.
* വാക്കുകൾ കൂട്ടിച്ചേർത്ത് കൂടുതൽ വരികൾ എഴുതുക.

ഒക്ടോബർ & നവംബർ:-

ലക്ഷ്യം:

അനുഭവങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനാക്കളരി:

* ചെറിയ പുസ്തകങ്ങൾ വായിക്കുക.

* കഥ , ഭോരക്ഷപ്പ് , അനുഭവക്കുറിപ്പ്

Std - 3

English - Master plan.

Aim.

To speak, Read & write english without any Mistakes.

Time - June to March.

To check the vocabulary and writing skills of pupils.

Activities.

June and July.

Pre test.

To develop listening skills and reading skills.

Listening skills:-

Games, Action songs

* Hello english Activities.
* conversations.
* skit stories.
* use ICT skills.

Speaking skills.

Identify the naming words from the picture.

* Identify the action words from the picture.

* Make the simple sentences using the w about picture.

* Make simple description about the pict

* Growing sentences, picture reading, s introductions.

August & September :-

* Develop the creative Speaking and writing.

Reading :-

Books reading

find words.

collect and read the past tense.

Rhyming words.

TB Activities.

Writing Skills:

* Make the word web
* picture description.
* word chain
* Make words & sentences.
* Make riddles, conversations, Add more lines.

October and November :-

To express thoughts, feelings etc.

Reading skills.

- Library book reading
* conversations, skit, stories,
* use ICT
* Read notice.
* Develop story.

Writing Skills.

* Description
* Thoughts.

December and January:-

* Develop the creating speaking and writing.

Reading skills.

* Library books reading
* Conversations, skit stories
* use ICT
* Develop story
* Reads diary.

Writing skills.

* Diary
* Announcement.

February and March.

To improve the presentation power.

Reading skills.

* Library books reading conversations skit stories, Develop stories.

* Diary * Descriptions * Thoughts * Ex

## ക്ലാസ് - മൂന്നാം തരം .

## വിഷയം : പരിസരപഠനം.

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം. |
| --- | --- | --- |
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു.<br>* പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്തതരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു.<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിത കാർഡ് നിർമ്മാണം. | S.R.G |
| ജൂലായ് | * വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>* വണ്ട് നിരീക്ഷണം<br>* ജൈവവൈവിധ്യ ഉദ്യാനം നിരീക്ഷണം<br>* ശലഭങ്ങൾ - നിരീക്ഷണം<br>* സ്കൂൾ ഹെൽത്ത് ക്ലബ്ബ് (വർഷം മുഴുവൻ) | PTA & SRG |

| | | |
|---|---|---|
| ഓഗസ്റ്റ് | * മഴമാപിനി നിർമ്മാണം | |
| | * ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം | |
| | * കിണർ സന്ദർശനം | |
| | * മണ്ണ് നിരീക്ഷണം | |
| | * മണ്ണ് കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ | SRG |
| | * മണ്ണ് കൊണ്ടുള്ള വ്യത്യസ്ത ഉൽപ്പന്നങ്ങൾ | |
| | * [illegible] 150 ആഘോഷിക്കൽ | |
| സെപ്തംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം. | |
| | * സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG |
| | * ആരോഗ്യ ബോധവൽക്കരണ സെമിനാർ | PT |
| | * ഇന്റർവ്യൂ - ആരോഗ്യ പ്രവർത്തകർ | |

| | | |
|---|---|---|
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ് ഉദ്യാനം/ പച്ചക്കറികൾ | SRG |
| | * food festival | PTA |
| | * എന്റെ ആരോഗ്യകാർഡ് ഉയരം തൂക്കം | |
| | * BMI കാണൽ. | |
| | * സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ | PTA SRG |
| | * ശരിയായ ഭക്ഷണശീലം - poster. | |
| നവംബർ | * ആരോഗ്യ വിദഗ്ദ്ധരുടെ ക്ലാസ് | |
| | * റോൾ പ്ലേ റോഡ് - നിയമം | |
| | * First Aid box തയ്യാറാക്കൽ | |
| | * സ്വയ സുരക്ഷ - ചർച്ച ബോധവത്കരണം. | |
| ഡിസംബർ | * പരീക്ഷണങ്ങൾ ( ഗ്ലോബ്, ICT ) | |
| | * ഗ്ലോബ് നിർമാണം | |
| | * ദേശീയ പതാക വരയ്ക്കൽ | |
| | * ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ. | |

| | | |
|---|---|---|
| | * ഭൂപട വായന<br>* എന്റെ വായന (കേരളം)<br>* ചിത്രരചന (കേരളം)<br>* ക്വിസ്<br>* ചോദ്യോത്തര മത്സ്<br>* ഭൂപ്രകൃതി തിരിച്ചറിയൽ - google map. | SRG<br>PTA. |
| ജനുവരി | * ജീവികളുടെ കൂടുകൾ - ചിത്രശേഖരണം.<br>* വ്യത്യസ്ത വീടുകൾ ആൽബം. | SRG. |
| ഫെബ്രുവരി | * വീട് നിർമ്മാണ ഉപകരണ ശേഖരണം.<br>* വ്യത്യസ്തത ജോലികൾ survey<br>* ഇന്റർവ്യൂ & വർക്ക്ഷീറ്റ്<br>* field visit - പൈതൃക സ്ഥാപനം. | SRG<br>PTA |
| മാർച്ച് | * പഠനോത്സവം. | PTA<br>SRG |

വിഷയം : ഗണിതം.

ക്ലാസ് : 3.

ഗണിതം അക്കാദമിക് മാസ്റ്റർ പ്ലാൻ.

ലക്ഷ്യം: നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗണിതവുമായി ബന്ധപ്പെട്ട ആശയങ്ങളിലൂടെ നിർധാരണം ചെയ്യാൻ സാധിക്കുക.

ജൂൺ - ജൂലായ്

* ജ്യാമിതിയ രൂപങ്ങൾ തിരിച്ചറിയൽ
* ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ
* തോരണം നിർമ്മാണം, തൊപ്പി നിർമ്മാണം.
* വെജിറ്റബിൾ പ്രിന്റിംഗ്
* ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് മറ്റുരൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

ജൂലായ് - ഓഗസ്റ്റ് :-

ഓരോ കുട്ടിക്കും കണക്കുമായി ബ- ശില്പശാല നിർവഹിക്കാനായത്.

* 1 മുതൽ 100 വരെ എഴുതിയ ടോക്ക
* കളിനോട്ടുകൾ
* കമ്പ് കെട്ടുകൾ
* സംഖ്യ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം
* ഓഗസ്റ്റ് - സെപ്റ്റംബർ
* ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.

ഒക്ടോബർ

* പസ്സിൽ നിർമ്മാണം
* കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ഉ

നവംബർ ഡിസംബർ

* ഗുണന വസ്തുകാർഡ് നിർമ്മാണം.

# GFVHSS CHERUVATHUR

## അക്കാദമിക് മാസ്റ്റർ പ്ലാൻ
### നാലാം ക്ലാസ്

# STD - 4

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ-പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# Academic Master plan
# LP Arabic

2025-26

**GFVHSS CHERUVATHUR**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

LP വിഭാഗം (അറബിക്) 2025-26

GFVHSS CHERUVATHUR

<u>ആമുഖം</u>

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്.

എല്ലാ കുട്ടികൾക്കും അക്കാദമികമായ മികവ് ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വിദ്യാലയങ്ങളും ഓരോ അക്കാദമിക വർഷത്തിന്റെയും തുടക്കത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ലക്ഷ്യം നേടാൻ ആവശ്യമായ പ്രവർത്തന പാക്കേജിനെ സംബന്ധിച്ച ധാരണകളും വികസനത്തിന്റെ എല്ലാ മേഖലകളും ലക്ഷ്യം വെച്ചു കൊണ്ട് നിർമ്മിക്കുന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ

ജി എഫ് വി എച്ച് എസ് എസ് ചെറുവത്തൂർ :

പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും മികച്ചുനിൽക്കുന്നതാണ് നമ്മുടെ സ്കൂൾ. പഠനം ആയാസരഹിതവും ആഹ്ലാദകരവുമായ അനുഭവമാക്കി മാറ്റാൻ ICTസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും നിരന്തര മൂല്യനിർണ്ണയം നടത്തി വിലയിരുത്തൽ പട്ടിക തയ്യാറാക്കുകയും ചെയ്ത് നമ്മുടെ സ്കൂളിന് മികച്ച വിജയം ലക്ഷ്യം വെച്ചു കൊണ്ട് തയ്യാറാക്കുന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ

ഡാറ്റാ എൻട്രി, ടൈപ്പിംഗ് അറബി ഭാഷ ലോക ജനംസഖ്യയിൽ നാലിലൊന്ന് പേർ സംസാരിക്കുന്നതും ഐക്യരാഷ്ട്രസഭയുടെ അംഗീകാരം നേടിയ ആറ് ഭാഷകളിലൊന്നും ലോകത്ത് 28 രാജ്യങ്ങളിലെ ഔദ്യോഗിക ഭാഷയുമാണ്

യുഎൻ അംഗീകൃത ഭാഷ, യുനെസ്കോ അംഗീകൃത ഭാഷ, ലോകത്ത് സജീവമായി നില നിൽക്കുന്ന ഏക പ്രാചീന സെമറ്റിക് ഭാഷയുമാണ് അറബിക് ധാരാളം തൊഴിൽ സാധ്യതകളുള്ളതും അറിവിന്റെ അനന്ത സാധ്യതകളിലേക്ക് വെളിച്ചം വീശുന്നതുമാണ്.

തിരുവിതാംകൂർ മഹാരാജാവായ ശ്രീമൂലം തിരുനാളാണ് കേരളത്തിൽ ആദ്യമായി സ്കൂൾ പാഠ്യ പദ്ധതിയിൽ അറബി ഉൾപ്പെടുത്തിയത്. എല്ലാ വർഷവും ഡിസംബർ 18 ലോക അറബി ഭാഷാദിനമായി ആചരിക്കപ്പെടുന്നു.

നമ്മുടെ സ്കൂളിൽ എൽ പി തലത്തിൽ 31 കുട്ടികളാണ് അറബിക് അഡീഷണൽ ലാംഗ്വേജ് ആയി തിരഞ്ഞെടുത്ത് പഠിക്കുന്നത്

ജി എഫ് വി എച്ച് എസ് എസ് ചെറുവത്തൂർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അറബിക് മധുരം: അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | പ്രവർത്തനങ്ങൾ<br>എഴുത്ത് വായന: ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ അടിസ്ഥാനത്തിൽ അറബിക് മധുരം ക്ലാസ് നൽകുന്നു<br>അക്ഷരം ഉറപ്പിക്കൽ<br>അക്ഷര കാർഡ് നൽകൽ<br>ചിഹ്നം ഉറപ്പിക്കൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കൽ<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്കായി ഐടി സാധ്യതകളും ഉപയോഗപ്പെടുത്തുന്നു<br>● ജൂൺ 5 പരിസ്ഥിതി ദിനം poster making<br>● ജൂൺ 19 വായനാദിനം quiz, Reading competition... | ജൂൺ ജൂലൈ |
| ലക്ഷ്യം: വായനാലോകം കുട്ടിയെ നല്ല വായനക്കാരനാക്കുക<br><br>കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക | പ്രവർത്തനങ്ങൾ :<br>തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി )<br>പുസ്തകങ്ങൾ :<br>ചിത്രകഥകൾ, കഥാ പുസ്തകങ്ങൾ, കുട്ടിക്കവിതകൾ, ചെറിയ വിവരണ ബുക്കുകൾ , അറബിക് ക്വിസ്<br>വാട്സാപ്പിലൂടെ ഇ- ലൈബ്രറി സൗകര്യം ലഭ്യമാക്കുക അതിനുവേണ്ടി ഇത്തരത്തിലുള്ള അറബിക് പുസ്തകങ്ങളുടെ പിഡിഎഫ് ശേഖരിക്കുക<br><br>ക്ലാസ് വായന :<br>എല്ലാദിവസവും ക്ലാസ് റൂമിൽ തന്നെ നന്നായി വായിക്കാനുള്ള അവസരവും കുട്ടികൾക്ക് നൽകുക<br>● വായനോത്സവം വായന മത്സരം | ജൂൺ ജൂലൈ |
| നല്ല എഴുത്ത്: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ● എഴുത്തുത്സവം വ്യത്യസ്ത രചനകൾ<br>● എഴുത്തു മെച്ചപ്പെടുത്താൻ പ്രവർത്തനങ്ങൾ : | ആഗസ്റ്റ് |

| | | |
|---|---|---|
| | അറബി ഭാഷ എഴുത്തിലെ പ്രധാന ലിപിയിൽ ( خط النسخ) കുട്ടികളെ എഴുത്ത് പരിശീലിപ്പിക്കുക<br>നാല് വരകോപ്പി ബുക്കുകളിൽ എഴുതി പരിശീലിപ്പിക്കുക<br>കയ്യെഴുത്തു മത്സരം കേട്ടെഴുത്ത് തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങൾ നടത്തുക<br>ചുമർപത്രിക തയ്യാറാക്കുക<br>കയ്യെഴുത്തുമാസിക തയ്യാറാക്കുക<br>വായന കാർഡ് നിർമ്മാണം<br>പോസ്റ്റർ നിർമ്മാണം<br>● ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ, Speach ,poster making.. | |
| പദപരിചയം.<br>പദസമ്പത്ത്:<br>അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | പ്രവർത്തനങ്ങൾ:<br>എല്ലാദിവസവും പ്രത്യേകം തിരഞ്ഞെടുത്ത പദങ്ങളിൽ നിന്ന് ഒന്ന് പരിചയപ്പെടൽ<br>അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക നോട്ടുബുക്കിൽ എഴുതുക | ആഗസ്റ്റ് |
| കുട്ടികളുടെ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനു വേദിയൊരുക്കുക | ബാലവേദി ; ക്ലാസ് തലം<br>സ്കൂൾ തലം<br>കലോത്സവങ്ങൾ<br>ഓൺലൈൻ<br>● ഡിസംബർ 18 ലോക അറബി ഭാഷാ ദിനം : അറബിക് അസംബ്ലി,മാഗസിൻ, കാലിഗ്രാഫി, ക്വിസ്,.... | |
| ആശയവിനിമയം നടത്തൽ | അറബി ഭാഷ ധാരാളം കേൾക്കാനും പറയാനും ക്ലാസിൽ അവസരമൊരുക്കൽ<br>ചെറിയ സംഭാഷണ വാചകങ്ങൾ പരിശീലിപ്പിക്കുക അഭിനയിപ്പിക്കുക<br>● സെപ്റ്റംബർ 5 അധ്യാപകദിനം: Students as teacher | സെപ്റ്റം ബർ<br>മാർച്ച് |

**STD 1**

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ചെറിയ വിവരണങ്ങൾ വായിക്കാൻ കഴിവ് നേടുക | സചിത്ര നോട്ടുബുക്ക് നിർമ്മാണം ചിത്ര വായന ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു ചിത്രങ്ങൾ കട്ടൗട്ടുകൾ എന്നിവ ശേഖരിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്ക് ശില്പശാല നടത്തുന്നു | ജൂൺ –ആഗസ്റ്റ് |
| ഓരോ പാഠത്തിൽ നിന്നും നേടിയെടുക്കേണ്ട അക്ഷരജ്ഞാനം ഉറപ്പുവരുത്തുന്നത് | ഓരോ പാഠത്തിൽ നിന്നും നേടിയെടുക്കേണ്ട അക്ഷരജ്ഞാനം ഉറപ്പുവരുത്തുന്നത് അതിനുവേണ്ടി വർക്ക് ബുക്ക് ടെക്സ്റ്റ് ബുക്കുമായി ചേർത്ത് അതിന്റെ ഉപ പ്രവർത്തനങ്ങൾ ആയി ചെയ്യുന്നു | ജൂൺ –മാർച്ച് |
| വിവിധ അക്ഷരങ്ങളുടെ ഹർകത്തുകൾ മനസ്സിലാക്കി എഴുതുന്നു ചിത്രങ്ങൾക്ക് യോജിച്ച പേരുകൾ പറയുന്നു | അറബിയിൽ അക്ഷരരൂപങ്ങൾ വേർതിരിച്ച് മനസ്സിലാക്കുന്നു അതിനുവേണ്ടി അക്ഷരങ്ങളുടെ കട്ടിങ്ങുകൾ തയ്യാറാക്കുന്നു. അക്ഷരക്കട്ടിങ്ങുകൾ കുട്ടികൾക്ക് നൽകി അത് വെച്ച് അധ്യാപകൻ പറയുന്ന വാക്കുകൾ കുട്ടികൾ നിർമിക്കുന്നു. ഗ്രൂപ്പുകളിലൂടെ ഒരു ലാംഗ്വേജ് ഗൈ ആയി ഇത് നൽകാം. | ജൂലൈ –സപ്റ്റംബർ |
| സന്ദർഭോചിതം ചെറിയ സംഭാഷണങ്ങൾ പറയുന്നു | വ്യത്യസ്ത സന്ദർഭങ്ങളിൽ സംഭാഷണങ്ങൾ പ്ലേ ചെയ്യുന്നു | ഒക്ടോബർ – ഡിസംബർ |
| ചെറു വിവരണങ്ങൾ കളറുകളുടെ പേരുകൾ ഉപയോഗിച്ച് പൂർത്തിയാക്കുന്നു | ഔട്ട് ലൈൻ ചിത്രങ്ങൾ നൽകി യോജിച്ച കളറുകൾ നൽകി സചിത്രനോട്ട് ബുക്കിൽ ഒട്ടിക്കുന്നു. അതിൻറെ വിവരണങ്ങൾ തയ്യാറാക്കുന്നു | ജനുവരി –മാർച്ച് |

**STD 2**

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ചിത്രങ്ങളുടെ സഹായത്തോടെ ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു. | സചിത്ര നോട്ടുബുക്ക് നിർമ്മാണം ചിത്ര വായന ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു ചിത്രങ്ങൾ കട്ടൗട്ടുകൾ എന്നിവ ശേഖരിക്കുന്നതിന് വേണ്ടി രക്ഷിതാക്കൾക്ക് ശില്പശാല നടത്തുന്നു. | ജൂൺ –ആഗസ്ററ് |
| ഉപചാര വാക്കുകൾ ഉൾപ്പെടുത്തി സംഭാഷണങ്ങൾ പൂർത്തിയാക്കുന്നു | വിവിധ സന്ദർഭങ്ങളിൽ ഉപചാരവാക്കുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾ റോൾ പ്ലേ ആയി സംഭാഷണം ചെയ്യുന്നു ഉപചാരവാക്കുകൾ പരിചയപ്പെടുന്നതിന് വേണ്ടി ചാർട്ടുകളിൽ എഴുതിയും ഉപചാരവാക്കുകളുടെ കട്ടിങ്ങുകൾ നൽകുന്നു | ജൂൺ –ഡിസംബർ |
| പൂക്കൾ അവയുടെ നിറങ്ങൾ എന്നിവ പരിചയപ്പെടുന്നു | സചിത്ര പുസ്തകം രൂപപ്പെടുത്തുന്നതിന് വേണ്ടി കുട്ടികൾക്ക് വിവിധ ചിത്രങ്ങൾ കളറുകൾ എന്നിവ നൽകി ചിത്രങ്ങൾക്ക് യോജിച്ച കളറുകൾ തിരിച്ചറിഞ്ഞ് അവയുടെ അറബി പേരുകൾ മനസ്സിലാക്കുന്നു കുട്ടികൾ എ ഫോർ പേപ്പറിൽ അധ്യാപകൻ പറയുന്ന ചിത്രങ്ങൾ വരക്കുന്നു യോജിച്ച കളറുകൾ കൊടുത്ത് അവയുടെ പേരുകൾ എഴുതുന്നു | ആഗസ്റ്റ് –ഒക്ടോബർ |
| അറബി ഭാഷയിലെ എഴുത്ത് രൂപങ്ങൾ പരിചയപ്പെടുന്നു | കുട്ടിയെഴുതുന്ന സമയം വ്യത്യാസപ്പെടുന്ന അറബി അക്ഷരങ്ങൾ തുടക്കം ,മദ്യം, അവസാനം എന്നിങ്ങനെ മൂന്ന് വ്യത്യസ്ത രൂപങ്ങളും പരിചയപ്പെടാൻ വേണ്ടി അവ വിവിധ ചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ എഴുതുന്നു ഉൾക്കൊള്ളുന്ന പദങ്ങൾ ചാർട്ട് ചെയ്യുന്നു | നവംബർ–ജനുവരി |

| | | |
|---|---|---|
| | പാഠഭാഗങ്ങളിൽ നിന്നും നൽകപ്പെടുന്ന വിവരണ പേരഗ്രാഫിൽ<br>നിന്നും അക്ഷരങ്ങളെ വേർതിരിച്ച് മനസ്സിലാക്കുന്നു | |
| വിവിധ ചിത്രങ്ങൾക്ക് അടിക്കുറിപ്പുകൾ എഴുതുന്നു | ചിത്രങ്ങൾ കട്ടിങ്ങുകൾ എന്നിവ ഉപയോഗിച്ച് യോജിച്ച അടിക്കുറിപ്പുകൾ തയ്യാറാക്കുന്നു<br>فوق ، تحت على | ഡിസംബർ |
| പക്ഷികൾ മൃഗങ്ങൾ എന്നിവയെ കുറിച്ച്<br>ലഘു കവിതകൾ തയ്യാറാക്കുന്നു. | വിവിധ പക്ഷികൾ മൃഗങ്ങൾ ഇവയെക്കുറിച്ചുള്ള കവിതകൾ വായിക്കാനും പാടാനും സന്ദർഭം ഒരുക്കുന്നു പിന്നീട് സ്വതന്ത്ര രചന അവസരം നൽകുന്നു | ജനുവരി |
| കുടുംബത്തിലെ അംഗങ്ങളുടെ കുടുംബത്തിലെ അംഗങ്ങ<br>ളുടെ പേരുകൾ പരിചയപ്പെടുന്നു | കുടുംബത്തിലെ അംഗങ്ങളുടെ ചിത്രങ്ങൾ വിതരണം ചെയ്യുന്നു അതിനെ യോജിച്ച പേരുകൾ മാർച്ച്<br>എഴുതുന്നു.ശേഷം അവ ഉപയോഗിച്ച്<br>ചെറു വിവരണങ്ങൾ തയ്യാറാക്കുന്നു | മാർച്ച് |

## STD 3

| പഠനനേട്ടങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| അറബി ഗ്രാമർ ബാലപാഠങ്ങളിലൂടെ ചെറു സംഭാഷണങ്ങൾ നടത്താനും ഗ്രഹിക്കാനും സാധിക്കുന്നു | أنت ، أنت ، أنا തുടങ്ങിയ സർവ്വനാമങ്ങളുടെ കാർഡ് തയ്യാറാക്കി ചെറു സംഭാഷണങ്ങൾ നിർമ്മിക്കാനും പ്രയോഗിക്കാനും അവസരം നൽകുന്നു | ജൂൺ, ജൂലൈ |
| വസ്ത്രങ്ങളുടെ പേരുകൾ ഉപയോഗിച്ച് ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു | വിവിധ വസ്ത്രങ്ങൾ വെട്ടിയെടുത്തും ഒട്ടിച്ചും അവയുടെ പേരുകൾ മനസ്സിലാക്കുകയും ആണ്, പെൺ വസ്ത്രം പരിചയപ്പെടുന്നതോടൊപ്പം ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു يلبس ، تلبس | ജൂലൈ |
| ആശ്ചര്യ വാക്കുകൾ أدوات الإستفهام ഉപയോഗിച്ച് ലഘു സംഭാഷണങ്ങൾ തയ്യാറാക്കൽ | കടൽത്തീരത്തേക്ക് പോകുന്ന ഹാഷിറും കുടുംബവും തമ്മിലുള്ള സംഭാഷണവാക്കുകൾ പരിചയപ്പെടൽ أَيْنَ ، مَاذَا ، مَتَى | ജൂലൈ, ഓഗസ്റ്റ് |
| വാഹനങ്ങൾ അവയുടെ സഞ്ചാര പാതകൾ മനസ്സിലാക്കി ലഘു വിവരണങ്ങൾ | വിവിധ വാഹനങ്ങളുടെ ചിത്രങ്ങൾ, സഞ്ചാര പാതകൾ എന്നിവ കുട്ടികൾക്ക് നൽകുന്ന സചിത്ര പുസ്തകത്തിൽ അവ ഒട്ടിച്ചതിനുശേഷം ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു يسير ، تسير | സെപ്റ്റംബർ |
| ഭക്ഷണ മര്യാദകൾ ഉൾക്കൊള്ളിച്ചുള്ള ചെറുകവിതകൾ രചിക്കൽ | ഭക്ഷണ മര്യാദകൾ ഉൾക്കൊള്ളിച്ചുള്ള ചെറുകവിതകൾ രചിക്കൽ | നവംബർ |
| ജീവികൾ,പക്ഷികൾ ഇവയെകുറിച്ച് ആത്മക്കുറിപ്പ് കുറിച്ച് തയ്യാറാക്കൽ | പക്ഷികൾ,ജിവികൾ എന്നിവയെ കുറിച്ച് بيان ذاتي നിർമ്മിക്കൽ | മാർച്ച് |

## STD 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ലഘു വിവരണങ്ങൾ തയ്യാറാക്കൽ | കുട്ടികളെ നാല് ഗ്രൂപ്പുകളാക്കി ഓരോ ഗ്രൂപ്പിലും പൂന്തോട്ട ചിത്രം വിതരണം വിതരണം ചെയ്തതിനുശേഷം അതിലെ വാക്കുകൾ കണ്ടെത്തി ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തി ഓരോ ഗ്രൂപ്പിൽ നിന്നും അവതരണ ശേഷം അധ്യാപകൻ എഡിറ്റ് വർക്ക് നടത്തുന്നു | ജൂൺ ജൂലൈ |
| ജീവികളുടെ പേരുകളും അവയുടെ വാസസ്ഥലവും മനസ്സിലാക്കൽ | ഓരോ ജീവിയുടെയും വാസസ്ഥലങ്ങളുടെ പേരുകൾ ചിത്രങ്ങൾ എന്നിവ ഉപയോഗിച്ച് വാസസ്ഥലങ്ങൾ വെച്ച് ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു. ഉദാഹരണം<br>تسكن البقرة في الحظيرة | ജൂലൈ |
| വ്യത്യസ്ത സന്ദർഭങ്ങളിലുള്ള സംഭാഷണങ്ങൾ തയ്യാറാക്കൽ | ഉപചാര വാക്കുകൾ ശ്രദ്ധിച്ചുകൊണ്ട് വ്യത്യസ്ത സന്ദർഭങ്ങളിൽ സംഭാഷണങ്ങൾ തയ്യാറാക്കുന്നു<br>راعي– رجل ، طبيب –مريض | ഓഗസ്റ്റ് – മാർച്ച് |
| മാത്തമാറ്റിക്സ് രൂപങ്ങൾ മനസ്സിലാക്കൽ<br>أشكال الهندسة | കുട്ടികളോട് മാത്തമാറ്റിക്സ് രൂപങ്ങൾ വെട്ടിയെടുക്കാൻ ആവശ്യപ്പെടുന്നു നോട്ടുബുക്കിൽ ഒട്ടിച്ചതിനുശേഷം അവയുടെ പേരുകൾ എഴുതുന്നു. ഈ രൂപങ്ങൾ ഉപയോഗിച്ച് കുട്ടികളുടെ ഭാവനക്കനുസരിച്ച് ചിത്രം വരക്കുന്നു രൂപങ്ങളുടെ എണ്ണം എണ്ണി എഴുതുന്നു | ഒക്ടോബർ നവംബർ |
| വ്യത്യസ്ത സേവനകേന്ദ്രങ്ങൾ മനസ്സിലാക്കുന്നു | പോലീസ് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ് കൃഷി ഓഫീസ് തുടങ്ങിയ സേവന കേന്ദ്രങ്ങളെ പരിചയപ്പെടലും അതിനെക്കുറിച്ച് ലഘു വിവരണങ്ങൾ തയ്യാറാക്കലും. | മാർച്ച് |
| النحو العربي | اسم ،فعل،حرف<br>الضمائر<br>الماضي ،والمضارع<br>المفرد والجمع | |